Website: www.keralapsc.org | Telephone: 2222665
Email: kpsc@keralapsc.org | Fax: 0468-2271665

# കേരള പബ്ലിക് സർവീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, പത്തനംതിട്ട

സാധ്യതാപട്ടിക നമ്പർ: പി.എൽ 1/2008/ഡി.ഒ.എച്ച് — പത്തനംതിട്ട
കാറ്റഗറി നമ്പർ: 80/2006 — 29-02-2008

## വിജ്ഞാപനം

11-09-2006 തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം പത്തനംതിട്ട ജില്ലയിൽ വിവിധ വകുപ്പിൽ 2610-3680/- രൂപ (പി.ആർ.) ശമ്പളനിരക്കിൽ ആയ തസ്തികയിലേയ്ക്കുള്ള (കാറ്റഗറിനമ്പർ: 80/2006) തെരഞ്ഞെടുപ്പിനായി 31-05-2007ന് നടത്തിയ ഒബ്ജക്ടീവ് രീതിയിലുള്ള പരീക്ഷ (ഒ.എം.ആർ മൂല്യനിർണ്ണയം) യുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിലേക്ക് പരിഗണിക്കപ്പെടാൻ സോപാധികമായി അർഹരാണെന്നു കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പർ അടങ്ങിയ സാധ്യതാപട്ടിക ചുവടെ ചേർത്തിരിക്കുന്നു. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, ജാതി, സമുദായം, യോഗ്യത, പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. രേഖകൾ പരിശോധിക്കുന്നതിനുള്ള തീയതി, സമയം, സ്ഥലം എന്നിവ ഈ വിജ്ഞാപനത്തോടൊപ്പം കൊടുത്തിരിക്കുന്നു.

രജിസ്റ്റർ നമ്പരുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു തരത്തിലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പരുകൾക്ക് മുന്നിൽ പത്തനംതിട്ട ജില്ലയെ സൂചിപ്പിക്കുന്ന എച്ച് എന്ന അക്ഷരം ചേർത്ത് വായിക്കേണ്ടതാണ്.

## മുഖ്യപട്ടിക

| | | | | |
|---|---|---|---|---|
| 100005 | 100007 | 100045 | 100046 | 100047 |
| 100054 | 100062 | 100075 | 100084 | 100086 |

## ഉപപട്ടികകൾ

### 1. ഈഴവ

| | | |
|---|---|---|
| 100009 | 100019 | 100028 |
| 100041 | 100051 | 100115 |

## 2.പട്ടികജാതി

100010 100036 100040 100107

## 3. പട്ടികവർഗ്ഗം

ഇല്ല

## 4. മുസ്ളീം

100035 100085 100093

100111 100112 100119

## 5. ലത്തീൻ കത്തോലിക്ക

100113 100118

## 6. മറ്റുപിന്നോക്കസമുദായം

100016 100069

## 7. വിശ്വകർമ്മ

100100 100109

## 8. എസ്.ഐ.യു.സി.നാടാർ/ആഗ്ളോ ഇൻഡ്യൻ

100032

## 9. മറ്റു ക്രിസ്ത്യാനികൾ

100092 100094

## 10. ധീവര

ഇല്ല

കുറിപ്പ്: 1) അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തിർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാധ്യതാപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

കുറിപ്പ്: 2) അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാപട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

ഗസറ്റ് വിജ്ഞാപനത്തിലെ യോഗ്യത അവകാശപ്പെടുകയും പരീക്ഷയിൽ 71 (എഴുപത്തി ഒന്ന്)ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഇ സാധ്യതാപട്ടികയുടെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ അടിസ്ഥാനമാർക്കിൽ ആവശ്യമായ ഇളവ് വരുത്തി ഉപപട്ടികകൾ തയ്യാറാക്കിയിരിക്കുന്നു.

ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, സംവരണാനുകൂല്യത്തിനുള്ള അർഹത, പരിചയം എന്നിവ തെളിയിക്കുന്നതിന് ആവശ്യമായ രേഖകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ഓരോ ശരിപ്പകർപ്പും പി.എസ്.സി.യുടെ പത്തനംതിട്ട ജില്ലാ ഓഫീസിൽ 15.3.2008–ൽ നേരിട്ട് ഹാജരാക്കേണ്ടതാണ്.

ഈ സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും 25-8-2007–ലെ സർക്കാർ ഉത്തരവ് (പി)നം.46/2007/എസ്.സി/.എസ്.റ്റി.ഡി.ഡി പ്രകാരം നോൺ ക്രീമീലെയർ സർട്ടീഫിക്കറ്റ് ഹാജരാക്കേണ്ടവരുമായ മറ്റു പിന്നോക്ക സമുദായങ്ങളിൽപെട്ട ഉദ്യോഗാർത്ഥികൾ തങ്ങൾ ഹാജരാക്കേണ്ടതായ മറ്റു പ്രമാണങ്ങളോടൊപ്പം നോൺ ക്രീമീലെയർ സർട്ടീഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. മുഖ്യപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ ക്രീമീലെയർ സർട്ടീഫിക്കറ്റ് യഥാസമയം ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം അവരെ സാമുദായിക സംവരണത്തിന് അർഹമല്ലാത്ത ഓപ്പൺ കോമ്പറ്റീഷൻ ഉദ്യോഗാർത്ഥികളായി പരിഗണിക്കുന്നതാണ്. മറ്റു പിന്നോക്കസമുദായങ്ങളുടെ ഉപപട്ടികകളിലുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ ക്രീമീലെയർ സർട്ടീഫിക്കറ്റ് യഥാസമയം ഹാജരാക്കാത്ത പക്ഷം, അവരുടെ രജിസ്റ്റർ നമ്പരുകൾ ഇനിയൊരറിയിപ്പ് കൂടാതെ ഈ സാധ്യതാപട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

സമയബന്ധിതമായി റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് യാതൊരു കാരണവശാലും കൂടുതൽ സമയം അനുവദിക്കുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതിന് ഉദ്യോഗാർത്ഥികൾ 15-3-2008-ൽ 10 മണിക്ക് സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

Pks/

## ഉദ്യോഗാർത്ഥികൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകൾ

| | | | |
|---|---|---|---|
| 1 | ജനനതീയതി, വയസ്സ് | : | എസ്.എസ്.എൽ.സി യുടെ ബന്ധട്ട പേജ്/ സ്കൂൾ അഡ്മിഷൻ രജിസ്റ്റർ/ തത്തുല്യസർട്ടിഫിക്കറ്റ് (അസ്സലും ശരിപ്പകർപ്പും) |
| 2 | വിദ്യാഭ്യാസ യോഗ്യത | : | 1) എസ്.എസ്. എൽ.സി/ സ്കൂൾ അഡ്മിഷൻ രജിസ്റ്റർ/തത്തുല്യ യോഗ്യതാ സർട്ടിഫിക്കറ്റ് (അസ്സലും ശരിപ്പകർപ്പും) (2) ഈ തസ്തികയ്ക്ക് ഗസറ്റ് വിജ്ഞാപന ത്തിൽനിഷ്ക്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സലും ശരിപ്പകർപ്പും, പരിചയസർട്ടിഫിക്കറ്റിന്റെ അസ്സലും |
| 3 | ജാതി, സമുദായം (സംവരണാനുകൂല്യത്തിന്) | : | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്/നോൺ ക്രീമിയർസർട്ടഫിക്കറ്റിന്റെ അസ്സലും ശരിപ്പകർപ്പും |
| 4 | സർവീസിലുള്ള ഉദ്യോഗാർത്ഥികൾ | : | ബന്ധപ്പെട്ട വകുപ്പു മേധാവിയിൽ നിന്നോ ആഫീസ് മേധാവിയിൽ നിന്നോ ലഭിച്ച നോഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്/രശീതി. |
| 5 | പേര്, ജനനതീയതി, ഒപ്പ് ജാതി എന്നിവയിൽ വ്യത്യാസം | : | ജാതി, പേര്, ജനനതീയതി, ഒപ്പ് എന്നിവയിൽ വ്യത്യാസംവരുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയവ തെളിയിക്കുന്നതിനാവശ്യമായ ഗസറ്റ് വിജ്ഞാപനവും ശരിപ്പകർപ്പും. |
| 6 | മറ്റേതെങ്കിലും അർഹത | : | മറ്റേതെങ്കിലും അർഹതയുണ്ടെങ്കിൽ ആയവ തെളി യിക്കുന്ന സർട്ടിഫിക്കറ്റും ശരിപ്പകർപ്പും |
| 7 | നേറ്റിവിറ്റി | : | നേറ്റിവിറ്റി സർട്ടിഫിക്കറ്റ് (വില്ലേജ് ആഫീസറിൽനിന്നും) |

മുകളിൽ പറഞ്ഞപ്രകാരമുള്ള സർട്ടിഫിക്കറ്റുകളും രേഖകളും സഹിതം സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുളള എല്ലാ ഉദ്യോഗാർത്ഥികളും 15-3-2008ന് 10.00 മണിയ്ക്ക് പത്തനംതിട്ട ജില്ലാ പി.എസ്.സി. ആഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

ലാലി തോമസ്.എം.
ജില്ലാ ഓഫീസർ
കെ.പി.എസ്.സി ജില്ലാഓഫീസ്
പത്തനംതിട്ട

വിതരണാനുമതി നൽകുന്നു.

സെക്ഷൻ ആഫീസർ